# Deepika
# 13 August 2018
# Kochi, After Flood, Flood Victims, Contagious Disease

## വീടുകളിൽ തിരികെയെത്തുന്നവർ ശ്രദ്ധിക്കാൻ

**കൊച്ചി:** പെരിയാറിൽ വെള്ളം ഇറങ്ങിത്തുടങ്ങിയതിനാൽ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചിരുന്നവർ വീടുകളിലേക്കു മടങ്ങിത്തുടങ്ങിയ സാഹചര്യത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ അതീവജാഗ്രത പാലിക്കണമെന്നു ജില്ലാ ആരോഗ്യവിഭാഗം അധികൃതർ അറിയിച്ചു. വെള്ളം കയറിയിറങ്ങിയതിനെത്തുടർന്നു കക്കൂസുകളിൽനിന്നുള്ള മാലിന്യങ്ങളുൾപ്പെടെ, കാനകളും തോടുകളും കവിഞ്ഞൊഴുകിയിരിക്കുന്നതിനാൽ കുടിവെള്ള സ്രോതസുകളും, വീടും, പരിസരവും മലിനമായിരിക്കും. ഇത് വയറിളക്കരോഗങ്ങൾ, എലിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയവ പടർന്നുപിടിക്കുന്നതിന് ഇടയാക്കുമെന്നതിനാൽ താഴെ പറയുന്ന മുൻകരുതൽ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

• വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ വീടുകളും സ്ഥാപനങ്ങളും ആരോഗ്യപ്രവർത്തകരുടെ നിർദേശപ്രകാരം അണുനശീകരണി ഉപയോഗിച്ചു കഴുകി വൃത്തിയാക്കിയശേഷം മാത്രം വീണ്ടും ഉപയോഗിക്കുക. മലിനപ്പെട്ട കിണറുകളും കുടിവെള്ളടാങ്കുകളും ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചു ശുദ്ധീകരിക്കുക.

• കക്കൂസ് ടാങ്കിന്റെ കേടുപാടുകൾ പരിശോധിച്ച് അതു വെള്ളപ്പൊക്കത്തിൽ തകർന്നിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതും കേടുപാടുകളുണ്ടെങ്കിൽ റിപ്പയർ ചെയ്യേണ്ടതുമാണ്. ശുചിമുറിയും പരിസരവും വൃത്തിയാക്കിയിട്ടു വേണം ഉപയോഗിക്കാൻ.

• കൈ കാലുകളിൽ മുറിവുള്ളവർ ഡോക്ടറെ കണ്ട് ഉപദേശം തേടിയശേഷം ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. മലിനജലത്തിൽ ജോലി ചെയ്യേണ്ട സാഹചര്യത്തിൽ വ്യക്തിഗത സുരക്ഷാ ഉപാധികൾ (ഗംബൂട്ട്, കൈയ്യുറ) നിർബന്ധമായും ഉപയോഗിക്കണം.

• വെള്ളപ്പൊക്കത്തെത്തുടർന്ന് അടച്ചിട്ടിരുന്ന വീടുകളിൽ തുറന്ന നിലയിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യവസ്തുക്കളും മറ്റും എലി മൂത്രത്താൽ മലിനമായിരിക്കാൻ ഇടയുള്ളതിനാൽ അവ ഉപയോഗിക്കരുത്. പാകം ചെയ്യാൻ ഉപയോഗിക്കുന്ന പാത്രങ്ങൾ, ഗ്ലാസുകൾ തുടങ്ങിയ വസ്തുക്കൾ തിളപ്പിച്ച വെള്ളത്തിൽ കഴുകിയെടുത്തശേഷം ഉപയോഗിക്കുക.

• വീടിനു പുറത്തിറങ്ങുമ്പോഴെല്ലാം നിർബന്ധമായും ചെരിപ്പ് ഉപയോഗിക്കുക, തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.

• വൈറൽ പനി, എച്ച് 1 എൻ 1, മുതലായ പകർച്ചവ്യാധികൾ തടയാൻ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായും മൂക്കും തൂവാല ഉപയോഗിച്ചു മറയ്ക്കണം.

• തുറസായ സ്ഥലങ്ങളിൽ തുപ്പുകയോ മലമൂത്ര വിസർജ്ജനം നടത്തുകയോ ചെയ്യരുത്. പനിയോ മറ്റു രോഗലക്ഷണങ്ങളോ ഉണ്ടായാൽ സ്വയം ചികിത്സിക്കാതെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടതാണ്.